പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6990 | 02.11.2011 - ൽ മറുപടിക്ക് |

## ദേശീയപാതയിലെ കാനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പമന്ത്രി) |
| (എ) ദേശീയപാത 47-ൽ ചന്തിരൂർ മുതൽ വടക്കോട്ടുള്ള ഭാഗത്ത് ഇരുവശങ്ങളിലും വെള്ളം കെട്ടികിടന്ന് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാനകെട്ടുന്നത് സംബന്ധിച്ച് ആലപ്പുഴ ഇ.ഇ യുടെ പ്രോപ്പോസൽ എൻ.എച്ച്. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. പ്രസ്തുത ജോലിക്ക് എഫ്.ഡി.ആർ 2011 - 12 -ൽ ഉൾപ്പെടുത്തി 12 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ദേശീയപാതയിൽ ഉണ്ടാകുന്ന ഈ അപകടങ്ങൾ ഒഴിവാക്കുന്നതിനും പ്രദേശത്തുള്ള വീടുകളിലേക്ക് വെള്ളം കയറുന്നത് തടയുന്നതിനും ദേശീയപാതയിൽ കാന കെട്ടുന്നതിന് ഭരണാനുമതി നല്കി കാനകെട്ടുന്നതിനുള്ള നടപടി അതിവേഗം സ്വീകരിക്കുമോ? | (സി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടി ജോലി ഏറ്റെടുത്ത് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ